**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3751** **27-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ സേവനങ്ങൾക്കുള്ള അപേക്ഷ ഫീസ് ഒഴിവാക്കിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ സേവനങ്ങൾക്കുള്ള അപേക്ഷ ഫീസ് ഒഴിവാക്കിയും, സേവന നടപടികൾ ലഘൂകരിച്ചും സർക്കാർ എടുത്ത ചരിത്രപരമായ തീരുമാനം പൊതുജനങ്ങൾക്ക് ഏതൊക്കെ തരത്തിൽ ഗുണകരമായി മാറും എന്നാണ് സർക്കാർ കരുതുന്നത്; | (എ) | പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങൾക്ക് പലവിധ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കണമെന്ന് സർക്കാർ വകുപ്പുകൾ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ആവശ്യപ്പെടുന്നവയിൽ ഒഴിവാക്കാവുന്ന സർട്ടിഫിക്കറ്റുകൾ, ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമുള്ള നടപടികളാണ്, സേവനം ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ആദ്യഘട്ടമെന്ന നിലയിൽ ബിസിനസ്സിനും വാണിജ്യത്തിനും ഒഴികെയുള്ള പൗരസേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാ ഫീസ് ഒടുക്കുന്നതിൽ നിന്നും പൗരന്മാരെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത തീരുമാനപ്രകാരം പൊതുജനങ്ങൾക്ക് താഴെപ്പറയുന്ന ഗുണകരമായ മാറ്റം ലഭ്യമാകുമെന്ന് കരുതുന്നു: വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകളുടെ/ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്കായി സമർപ്പിക്കേണ്ട എല്ലാ അപേക്ഷാ ഫോമുകളും ലളിതമാക്കും. ഒരിക്കൽ നൽകിയ എല്ലാ സർട്ടിഫിക്കറ്റുകളും ഏതെങ്കിലും സർക്കാർ വകുപ്പിലെ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാം. സർട്ടിഫിക്കറ്റ് നൽകുന്ന അധികാരി ഒരു പ്രത്യേക ഉദ്ദേശത്തിന്/ഉപയോഗത്തിന് മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് ഒരു കാരണവശാലും സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താൻ പാടില്ല. പൗരന്മാർക്ക് സേവനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് മറികടക്കാൻ ചില സേവനങ്ങൾക്ക് അപേക്ഷകന്റെ സത്യവാങ്മൂലം കൂടി നിഷ്കർഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | നോൺക്രിമിലെയർ സർട്ടിഫിക്കറ്റ്, EWS സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ്, SC/ST വിഭാഗങ്ങൾക്കായി നിലവിലെ നിയമപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഇതിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നു. |
| (ബി) | ഏതൊക്കെ അപേക്ഷകൾക്കാണ് സർക്കാർ അപേക്ഷ ഫീസ് വേണ്ട എന്ന് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പൗരന്മാർക്ക് നൽകുന്ന സേവനങ്ങൾക്ക് ഒരു നിശ്ചിത തുക അവരിൽനിന്നും അപേക്ഷാഫീസായി ഈടാക്കുന്നുണ്ട്. ബിസിനസ്സിനും വാണിജ്യത്തിനും ഒഴികെയുള്ള പൗരസേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷാ ഫീസ് ഒടുക്കുന്നതിൽ നിന്നും പൗരന്മാരെ ഒഴിവാക്കുന്നു. ആദ്യഘട്ടമെന്ന നിലയിൽ ചില വകുപ്പുകളുടെ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റസിഡന്റ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, one and the same certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബഅംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്-ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തരവകുപ്പ് അറ്റസ്റ്റേഷൻ എന്നീ 12 ഇനം സേവനങ്ങൾ ലഘൂകരിക്കുന്നതിനും പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതിക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | സർക്കാർ സേവനങ്ങൾക്കുള്ള അപേക്ഷ ഫീസ് ഇനത്തിൽ ഒരു വർഷത്തിൽ സർക്കാറിന് ലഭിച്ചിരുന്ന വരുമാനം എത്രയായിരുന്നു എന്നത് അറിയിക്കാമോ? | (സി) | വിവിധ വകുപ്പുകൾ വഴിയുള്ള സേവനയിനത്തിൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റസിഡന്റ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, one and the same certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബഅംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്-ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തരവകുപ്പ് അറ്റസ്റ്റേഷൻ എന്നീ 12 ഇനം സേവനങ്ങൾക്ക് online ആയും, കോർട്ട് ഫീസ് സ്റ്റാമ്പ്, ചെല്ലാൻ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയും സർക്കാർ സേവനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാറുണ്ട്. ഈ ഇനത്തിൽ ലഭിക്കുന്ന ഫീസിന്റെ കണക്ക് പ്രത്യേകമായി കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ